DISPATCHED
ON 02/06/2020

17/03/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.-nic.-in

## ഹർജി നമ്പർ A.P. No.2680(6)/2015/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

*(ഫയൽ നം.19231/എസ്.ഐ.സി–ജി 5/2015)*

സന്നിഹിതൻ

**ശ്രീ. വിൻസൻ എം. പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ**

ശ്രീമതി .ഡോ.എൻ.പത്മിനി,
പ്രഭാ ഭവൻ, റ്റി.സി..16/1003, ജഗതി,
തൈക്കാട് പി.ഒ. തിരുവനന്തപുരം.– 695 014
} അപ്പീൽ ഹർജിക്കാരി

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
   ഹോമിയോപ്പതി ഡയറക്ടറുടെ കാര്യാലയം,
   തിരുവനന്തപുരം.

2. അപ്പീൽ അധികാരി &ഡയറക്ടർ
   ഹോമിയോപ്പതി ഡയറക്ടറാഫീസ്,
   തിരുവനന്തപുരം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 30..09.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | 13.10.2015 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 03.12.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | 15.12.2015 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 21.12.2015 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 22.12.2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 30.12.2015 |
| മേൽ പ്രസ്താവിച്ച പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 20.01.2016 |
| ഹിയറിംഗ് തീയതി<br>സ്ഥലം | 16.03.2020. സംസ്ഥാന വിവരാവകാശ കമ്മീഷൻ തിരുവനന്തപുരം |
| ഹിയറിംഗിലെ സാന്നിധ്യം :അപ്പീൽ ഹർജിക്കാരി<br>: എസ്.പി.ഐ.ഒ | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരിയായ ശ്രീമതി. ഡോ.എൻ. പത്മിനി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാളുടെ ഗ്രേഡ് I ഇൻക്രിമെന്റ്, 2011 ലെ പേ റിവിഷൻ അരിയർ എന്നിവ നൽകുന്നതിന് പല പ്രാവശ്യം ആവശ്യപ്പെട്ടിട്ടും ആയത് നൽകിയില്ലായെന്നും ആയതിനാൽ 2014 ൽ SC/ST കമ്മീഷനിൽ പരാതി നൽകിയെന്നും അതിന്റെ അടിസ്ഥാനത്തിൽ ടിയാളുടെ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് ഉത്തരവായെങ്കിലും ഒരു വർഷം കഴിഞ്ഞിട്ടും നടപടിയൊന്നും ആയില്ലായെന്നും ആയതിനാൽ വിവരാവകാശ നിയമ പ്രകാരം വിവരങ്ങൾ തേടിയെന്നും എന്നാൽ ചോദ്യങ്ങൾക്ക് മറുപടി നൽകാൻ നിർവ്വാഹമില്ല എന്ന മറുപടിയാണ് ലഭിച്ചതെന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരി ആവശ്യപ്പെട്ടത് താഴെപ്പറയുന്ന വിവരങ്ങളാണ്:

1. SCST കമ്മീഷനിൽ നിന്നും 13.11.2014 തീയതി മൂന്നു മാസത്തിനകം ഗ്രേഡ് I, മറ്റു ആനുകൂല്യങ്ങൾ എന്നിവ തരാൻ ഉത്തരവായിട്ടും എന്തുകൊണ്ട് ഗ്രേഡ് I തന്നില്ലായെന്നും
2. ഗ്രേഡ് I തരാതെ പെൻഷൻ തരാൻ എന്താണു കാരണമെന്നും
3. ഡോ.വേണുകുമാറിന് 2008 ൽ തന്നെ ഗ്രേഡ് I കൊടുത്തുവെങ്കിൽ അതേ റാങ്കിലുള്ള ഹർജിക്കാരിക്ക് എന്തുകൊണ്ട് ഗ്രേഡ് I നൽകിയില്ല എന്നും മറ്റുമായി 6 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

മേൽപ്പടി അപേക്ഷയിൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ഏതെങ്കിലും കാര്യങ്ങൾ ചെയ്തതിന്റെ അല്ലെങ്കിൽ ചെയ്യാത്തതിനു കാരണം വിശദീകരണം നൽകുക, രേഖകളുടെ വ്യാഖ്യാനം നൽകുക, പരാതി പരിഹരിക്കുക തുടങ്ങിയവ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ലെന്നും മറ്റുമാണ്. ഹർജിക്കാരി രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ടിയാൾക്ക് ലഭിച്ച മറുപടി തൃപ്തികരമല്ലാ ത്തതിനാൽ ശരിയായ മറുപടി ലഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്നാണ്. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച

ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരിയുടെ അപേക്ഷ പരിശോധിച്ചതിൽ, ടിയാൾ ആവശ്യപ്പെട്ടിട്ടുള്ളത് 'എന്തുകൊണ്ട്, കാരണമെന്ത്' എന്നിങ്ങനെയുള്ള വിശദീകരണങ്ങളാണെന്നും ഏതെങ്കിലും രേഖ നേരിൽ കാണണമെന്നോ പകർപ്പ് നൽകണമെന്നോ ആവശ്യപ്പെട്ടിട്ടില്ലായെന്നും ഹർജിക്കാരിയുടെ സംശയ ദൂരീകരണം വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ലായെന്നും ഹോമിയോപ്പതി ഡയറക്ടറേറ്റിൽ സൂക്ഷിച്ചിട്ടുള്ള രേഖകൾ നേരിൽ കാണുന്നതിനും ആവശ്യമായവയുടെ പകർപ്പ് ഫീസ് ഒടുക്കി കൈപ്പറ്റുന്നതിനും ഹർജിക്കാരിക്ക് അവസരം നൽകിയിട്ടുണ്ടെന്നും ഹർജിക്കാരിക്ക് ആവശ്യമായത് ഏത് രേഖയാണെന്ന് അറിയിച്ചാൽ ആയത് ലഭ്യമാക്കുന്നതാണെന്നുമാണ്.

3. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരി ടിയാളുടെ അപേക്ഷയിൽ എതിർകക്ഷി ഓഫീസിലെ ഏതെങ്കിലും ഫയലിലോ രജിസ്റ്ററിലോ അടങ്ങിയിട്ടുള്ള വിവരങ്ങൾ അല്ല തേടിയിട്ടുള്ളതെന്നും മറിച്ച് വിശദീകരണവും അഭിപ്രായ പ്രകടനവും കാരണങ്ങളും മറ്റുമാണെന്ന് കാണുന്നു. ആയത് വിവരാവകാശ നിയമത്തിലെ 2(എഫ്) എന്നതിന്റെ പരിധിയിൽ വരുന്ന 'വിവരം' അല്ലെന്നു കാണുന്നു. ഹർജിക്കാരിക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ ലഭിച്ചിട്ടില്ലെങ്കിൽ ആരോഗ്യ വകുപ്പു സെക്രട്ടറി മുമ്പാകെ നിവേദനം നൽകി പരിഹാരം തേടാവുന്നതാണ്. ആയത് വിവരാവകാശ നിയമ പ്രകാരം പരിശോധിക്കുവാൻ നിർവ്വാഹമില്ല.

4. മേൽ പ്രസ്താവിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ, ഈ അപ്പീൽ ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020 മാർച്ച് 17-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്
വിൻസൻ എം. പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി(നിയമം)

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

RIGHT TO INFORMATION